ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ

194(402) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു ;

(ബി) പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളിൽ കുറവുള്ളതായി സർക്കാരിന് ബോധ്യമുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) ഫിഷറീസ് സ്കൂളുകളിൽ 40 വർഷം മുമ്പുള്ള അക്കാദമിക് നിലവാരമാണ് നിലനിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാലോചിതമായി അക്കാദമിക് നിലവാരം ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ടെക്നിക്കൽ സ്കൂളുകളിൽ ഇംഗ്ലീഷ്, ജീവശാസ്ത്രം എന്നീ വിഷയങ്ങളിൽ അദ്ധ്യാപകർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്കൂളുകളോടു ചേർന്ന് പ്രവർത്തിക്കുന്ന ബോർഡിംഗ് സ്കൂളുകളിൽ മെയിൽവാർഡൻ തസ്തിക നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത സ്കൂളുകളിൽ ഹയർസെക്കണ്ടറി തലംവരെ വിദ്യാഭ്യാസം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ജി) പുതുതായി ആരംഭിക്കുന്ന ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ പ്രസ്തുത ടെക്നിക്കൽ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(എച്ച്) മത്സ്യമേഖലയിലെ വിദ്യാർത്ഥികളുടെ സ്പോർട്സ് അഭിരുചി വർദ്ധിപ്പിക്കുന്നതിനും പരിശീലനത്തിനുമായി ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളോട് അനുബന്ധമായി സ്പോർട്സ് സ്കൂൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 സ്കൂളുകൾ.

(ബി) കുറവുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പുതിയ പാഠ്യപദ്ധതി അനുസരിച്ചാണ് പഠിപ്പിക്കുന്നത്. നിലവിലുള്ള സിലബസ് പരിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. നിലവിൽ എസ്.എസ്.എ. (സർവ്വ ശിക്ഷ അഭിയാൻ)യുടെ ക്യൂ.ഐ.പി.(Quality Improvement Programme) പദ്ധതി പ്രകാരം പ്രസ്തുത വിഷയങ്ങളിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. സ്ഥിര നിയമനത്തിനുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മെയിൽ വാർഡന്റെ തസ്തിക നിലവിലുണ്ട്. എന്നാൽ സ്ഥിരമായ ജീവനക്കാരില്ല.

(എഫ്) നിലവിൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ കൂടുതലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളായാണ് പ്രവർത്തിക്കുന്നത്.

(ജി&എച്ച്) പരിശോധിക്കുന്നതാണ്.

സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടികൾ

195(403) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വകുപ്പിന്റെ മേൽനോട്ടത്തിൽ എല്ലാവർക്കും മണ്ണെണ്ണ കാർഡ് ലഭ്യമാക്കുന്നതിനും മണ്ണെണ്ണ വെട്ടിച്ചുരുക്കുന്ന നടപടി ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ പൊതുവിതരണ സംവിധാനം വഴി, കേന്ദ്ര സർക്കാർ ഗാർഹിക ആവശ്യത്തിനു അനുവദിച്ചു നൽകുന്ന മണ്ണെണ്ണയിൽ നിന്നും പ്രതിമാസം 2532 കി.ലി. മത്സ്യബന്ധനത്തിനുവേണ്ടി പെർമിറ്റ് ഉടമകളായ മത്സ്യത്തൊഴിലാളികൾക്ക് പൊതു വിതരണ നിരക്കിൽ (ശരാശരി ലിറ്ററൊന്നിന് 12.50 രൂപ) വിതരണം ചെയ്തുവരുന്നു.

(ബി) കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിലുള്ള മണ്ണെണ്ണ കോട്ട വെട്ടിക്കുറക്കുന്നതുമൂലമാണ് മണ്ണെണ്ണ വിതരണത്തിൽ പ്രതിസന്ധിയുണ്ടാകുന്നത്. നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ കുറവില്ലാതെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉപരിപഠനത്തിന് വായ്പ

196(404) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് മുഖാന്തിരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉപരിപഠനത്തിന് വായ്പ അനുവദിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) വ്യവസ്ഥകൾ കർക്കശമായതിന്റെ പേരിൽ ആർക്കെങ്കിലും ലോൺ ലഭ്യമാക്കാത്തത് സംബന്ധിച്ച് കഴിഞ്ഞ വർഷം പരാതി ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly